# കലയുടെ കൂടെ

[ചെമ്മനം ചാക്കോ]

കേരളത്തിന്റെ അഭിമാനഭാജനങ്ങളും, സാംസ്കാരിക-നിലവാരം കൊണ്ട് ഇംഗ്ലണ്ടിലെ മലയാളികളിലെ ക്രീമിലെയർ എന്നു വിശേഷിപ്പിക്കാൻ പോരുന്നവരുമായ സഹൃദയരുടെ ഒത്തുചേരലിന്റെ ഉത്തരംഗമാണ് 'കല'. അവരുടെ മാതൃഭാഷാസ്നേഹവും, സാഹിത്യതാല്പര്യങ്ങളും, കലാപ്രണയവും, സൗന്ദര്യബോധവും കടഞ്ഞെടുത്ത അമൃതകലയാണ് 'കല'. (Kerala Arts and Literary Association — KALA.)

രണ്ടായിരാമാണ്ടിലെ മെയ് പതിനാലു ഞായർ എനിക്ക് അവിസ്മരണീയ ദിനമാണ്, അന്നാണ് 'കല' വാട്ഫോർഡിലെ ഗാർസ്റ്റൺ കമ്മ്യൂണിറ്റി ഹാളിൽ വച്ച് എനിക്ക് ആത്മാർത്ഥതയുടെ സുഗന്ധം തൂകിനിന്ന അന്തരീക്ഷത്തിൽ ഹൃദ്യമായ സ്വീകരണം നൽകിയത്. അഭിജാതമായ കേരളീയഹൃദയങ്ങൾ അവിടെ ഒത്തൊരുമയുടെ സന്ദേശം കൈമാറുന്നതു ഞാൻ കണ്ടു. കേരളത്തിൽ നിന്നും നാടുവിട്ടുകൊണ്ടിരിക്കുന്ന മാതൃഭാഷാസ്നേഹം ഇവിടെ വന്ന് മലയാളികളുടെ ഹൃദയത്തിൽ ഒളിച്ചു താമസിക്കുകയാണെന്ന് എനിക്കു തോന്നി. സ്നേഹത്തിന്റെ സംഗീതവും, ചൈത്രത്തിന്റെ നടനങ്ങളും വേദി കൈയടക്കിയിരുന്നു. ഏതാണ്ടു രണ്ടു മണിക്കൂർ നേരം ആതിഥേയരും അതിഥിയുമെന്ന അതിർവരമ്പില്ലാതെ ഉന്നതമായ ഹാസ്യത്തിന്റെ സാഹിത്യസരോവരത്തിൽ സകലരും നീന്തിത്തുടിച്ചു. 'കല'യോടും അതിന്റെ മുഖ്യസാരഥിയായ ഡോ. സുകുമാരൻ നായരോടും എങ്ങനെ നന്ദി പറയുവാൻ? 'കല'യോടുള്ള എന്റെ ഹൃദയവികാരങ്ങൾ അതേപടി പകർത്തുവാൻ എന്റെ പക്കൽ വാക്കുകളില്ലാത്തതിനാൽ ഞാൻ അവ ഹൃദയത്തിൽ സൂക്ഷിക്കുന്നു. ഒപ്പം നിങ്ങളുടെ സ്നേഹസ്വീകരണങ്ങൾ ഏറ്റുവാങ്ങാൻ ഭാഗ്യം ലഭിച്ച എന്റെ സഹധർമ്മിണി ബേബിയുടെ അതിരറ്റ കൃതജ്ഞത നിങ്ങളെ അറിയിക്കുകയും ചെയ്യുന്നു.

ഞാൻ പ്രമാണിത്തവും, കൊച്ചുകൊച്ചു കാര്യങ്ങളിൽ വിട്ടുവീഴ്ച ചെയ്യുവാനുള്ള സന്നദ്ധതക്കുറവും കൊണ്ട് സംഘടനകളെ തകർക്കുന്ന മലയാളിയുടെ മാനസികരോഗം 'കല'യുടെ അയൽപക്കങ്ങളെ പോലും എത്താതിരിക്കട്ടെ. 'കല' ഇംഗ്ലണ്ടിലെ മലയാളികളുടെ കലാഭിരുചിയുടെയും, മാതൃഭാഷാഭിമാനത്തിന്റെയും, ഒത്തൊരുമയുടെയും പൂർണ്ണചന്ദ്രനായി വളരട്ടെ! എന്റെ ഹൃദയം എപ്പോഴും 'കല'യോടൊപ്പമുണ്ട്.